2507/2019 C- 12
23.11.2019

# തൃശ്ശൂർ അതിരൂപത

# സർക്കുലർ

മിശിഹായിൽ പ്രിയ ബഹു. വൈദികരെ, സമർപ്പിതരേ, പ്രിയ സഹോദരീ സഹോദരന്മാരേ,

ദൈവ തിരുനാമത്തിന് മഹത്വം ഉണ്ടാകട്ടെ. നമ്മുടെ കർത്താവായ ഈശോമിശിഹായുടെ നാമത്തിൽ നിങ്ങൾക്കേവർക്കും ആശംസകൾ നേരുന്നു.

ഏതാനും കാര്യങ്ങൾ നിങ്ങളെ അറിയിക്കുന്നതിന് വേണ്ടിയാണ് ഞാൻ ഈ സർക്കുലർ അയയ്ക്കുന്നത്. നിങ്ങൾ ഏവരുടെയും പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു.

**1. മംഗളവാർത്തക്കാലം : വചനപാരായണമാസം**

നമ്മുടെ രക്ഷയ്ക്കുവേണ്ടി വചനമായ ദൈവം മനുഷ്യനായി അവതീർണ്ണനായ യേശുവിന്റെ ജനനതിരുനാളിന് ഏറ്റവും അടുത്ത് ഒരുങ്ങുന്ന മംഗളവാർത്തക്കാലം വചനപാരായണ മാസമായാണ് കേരളസഭ ആചരിക്കുന്നത്. അതിനാൽ കുടുംബങ്ങളിലും പള്ളികളിലും ബൈബിൾ ആഘോഷമായി വായിക്കുന്ന പതിവ് പ്രോത്സാഹിപ്പിക്കുവാൻ ഞാൻ ആഹ്വാനം ചെയ്യുന്നു. പള്ളികളിലും സ്ഥാപനങ്ങളിലും നിശ്ചിതസമയം പൊതുവായി ബൈബിൾ വായിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുവാൻ താത്പര്യപ്പെടുന്നു.

**2. വി. മറിയം ത്രേസ്യ**

അവിഭക്ത തൃശ്ശൂർ രൂപതയ്ക്ക് അഭിമാനനിമിഷമായിരുന്നു 2019 ഒക്ടോബർ 13ന് വത്തിക്കാനിൽ വച്ച് മറിയം ത്രേസ്യയെ വിശുദ്ധപദവിയിലേക്ക് ഉയർത്തിയ സംഭവം. തിരുകുടുംബ സന്യാസിനീസമൂഹത്തിന്റെ സ്ഥാപകയായ വി. മറിയം ത്രേസ്യ കുടുംബങ്ങളുടെ മധ്യസ്ഥയാണ്. വിശുദ്ധയെ നമുക്ക് മാതൃകയും മധ്യസ്ഥയുമായി ലഭിച്ചതിന് നന്ദിസൂചകമായി അതിരൂപതാതലത്തിൽ സ്തോത്രബലിയും തിരുശ്ശേഷിപ്പ് വണക്കവും 2019 ഡിസംബർ 1 ന് ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2:30ന് തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രലിൽ വച്ചു നടക്കുന്നു. പ്രസ്തുത തിരുകർമ്മങ്ങളിലേക്ക് സാധിക്കുന്ന എല്ലാവരും വരുവാൻ ആഹ്വാനം ചെയ്യുന്നു.

**3. മിഷനറി പ്രവർത്തനങ്ങൾ**

സഭയ്ക്ക് ഈശോ നൽകിയ സുവിശേഷവത്കരണദൗത്യം ശക്തമായി പ്രാവർത്തികമാക്കാനുള്ള ആഹ്വാനമാണ് ഫ്രാൻസിസ് മാർപ്പാപ്പ അസാധാരണ മിഷൻ മാസത്തിലൂടെ നൽകിയത്. ഭാരതം മുഴുവൻ അജപാലനം നടത്തുന്നതിന് സീറോ മലബാർ സഭയ്ക്ക് അവകാശവും ദൗത്യവും നൽകപ്പെട്ട സാഹചര്യത്തിൽ നമ്മുടെ അതിരൂപത പുതിയ പ്രേഷിതദൗത്യങ്ങൾ ഏറ്റെടുക്കുകയാണ്. ഷംഷാബാദ് രൂപതയിലെ വിശാഖപട്ടണം മേഖലയിലും രാമനാഥപുരം രൂപതയിലെ ട്രിച്ചി, തഞ്ചാവൂർ മേഖലയിലും മിഷൻ പ്രവർത്തനത്തിനായി നമ്മുടെ അതിരൂപതയിൽ വൈദികരടക്കം ഏതാനുംപേർ ഇറങ്ങിതിരിക്കുകയാണ്. നിങ്ങളുടെ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു.

**4. കാരുണ്യനിധി**

കഴിഞ്ഞ വർഷങ്ങളിലെപ്പോലെ മിഷൻ പ്രവർത്തനങ്ങൾക്കും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കുമായി കാരുണ്യനിധി കവറുകൾ കൊടുത്തു വിടുന്നു. ഈ പ്രാവശ്യത്തെ മുഖ്യലക്ഷ്യം അതിരൂപതയിലെ ഉപവി പ്രവർത്തനങ്ങളോടൊപ്പം പ്രധാനമായും വിശാഖപട്ടണം, ട്രിച്ചി മിഷനെ സഹായിക്കുക എന്നതാണ്. ആ പ്രദേശങ്ങളിൽ പള്ളികൾക്കും മറ്റും സ്ഥലം വാങ്ങുക ആവശ്യമായിരിക്കുന്നു. നിങ്ങളുടെ നിർല്ലോഭമായ സഹകരണം അഭ്യർത്ഥിക്കുന്നു.

**5. ദീപിക**

നമ്മുടെ സമുദായത്തിന്റെ പത്രമായി കണക്കാക്കുന്ന ദീപികയുടെ തൃശ്ശൂർ യൂണിറ്റിന്റെ ഭരണചുമതല നമ്മുടെ അതിരൂപതയിലെ മൂന്നു വൈദികരെ ഏല്പിച്ചിരിക്കുകയാണ്. അതിനാൽ ഈ സംരംഭം വിജയിപ്പിക്കുക നമ്മുടെ ഉത്തരവാദിത്വമാണ്. നമ്മുടെ കുടുംബാംഗങ്ങൾ ദീപിക വരുത്തിയും പരസ്യങ്ങൾ നൽകിയും പ്രധാനപ്പെട്ട വാർത്തകൾ നൽകിയും സഹകരിക്കുവാൻ അഭ്യർത്ഥിക്കുന്നു. കുടുംബകൂട്ടായ്മ കേന്ദ്രസമിതിയും സംഘടനാഭാരവാഹികളും പ്രതിനിധി യോഗവും ഇക്കാര്യത്തിൽ നേതൃത്വം വഹിക്കുമല്ലോ.

**6. നവതിയാഘോഷം**

മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ 90-ാം ജന്മദിനം 2019 ഡിസംബർ 13നാണ്. അഭിവന്ദ്യപിതാവിന് ആശംസകൾ നേരുന്നതോടൊപ്പം ഉച്ചകഴിഞ്ഞ് 4 മണിക്ക് ജൂബിലി ആശുപത്രിയിൽ വച്ച് ആശംസകൾ നേരുന്നതിനായി ബഹു. വൈദികരെയും സിസ്റ്റേഴ്സിനെയും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളെയും കൈക്കാരന്മാരെയും സ്വാഗതം ചെയ്യുന്നു.

**7. ചരമശതാബ്ദി**

അതിരൂപതയുടെ ആദ്യത്തെ തദ്ദേശീയ മെത്രാനായ മാർ ജോൺ മേനാച്ചേരിയുടെ ചരമശതാബ്ദി 2019 ഡിസംബർ 19നാണ്. സെന്റ് തോമസ് കോളേജടക്കം അതിരൂപതയുടെ വിവിധ സ്ഥാപനങ്ങൾക്കും പള്ളികൾക്കും ആരംഭം കുറിച്ചത് അദ്ദേഹമാണ്. അന്നേദിവസം രാവിലെ 7:30 ന് ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ നടത്തുന്ന അനുസ്മരണബലിയിലേക്കും ഉച്ചകഴിഞ്ഞ് 2 മണിക്ക് സെന്റ് തോമസ് കോളേജ് മേനാച്ചേരി സ്ക്വയറിൽനടക്കുന്ന അനുസ്മരണ സമ്മേളനത്തിലേക്കും പള്ളികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സന്യാസസമൂഹങ്ങളിൽ നിന്നും പ്രതിനിധികളെ അയയ്ക്കുവാൻ ബന്ധപ്പെട്ട എല്ലാവരോടും ആഹ്വാനം ചെയ്യുന്നു.

**8. ബോൻ നത്താലെ**

'സകലജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്‌വാർത്തയായ' (ലൂക്ക. 2:10) ക്രിസ്തുമസ്സിനോടനുബന്ധിച്ച് സാംസ്കാരിക നഗരിയായ തൃശ്ശൂരിൽ ഡിസംബർ 27ന് നടക്കുന്ന ആഘോഷമാണ് ബോൻ നത്താലെ. തൃശ്ശൂർ നഗരത്തിന്റെ വികസനം ലക്ഷ്യം വച്ച് 'ഹാപ്പി ഡെയ്സ്' എന്ന പേരിൽ ഒരു മാസം നീണ്ടു നില്ക്കുന്ന വിവിധ പരിപാടികൾ തൃശ്ശൂർ കോർപ്പറേഷൻ സംഘടിപ്പിക്കുന്നുണ്ട്. ബോൻ നത്താലെയുടെ ഭാഗമായി ഓരോ ഇടവകയിലും ക്രിസ്തുമസ്സ് ആഘോഷിക്കുന്നതോടൊപ്പം പാവപ്പെട്ടവരെ സഹായിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. കഴിഞ്ഞവർഷങ്ങളിലെപോലെ ക്രിസ്തുമസ്സ് രാവിൽ കരോൾ ഗാനത്തോടുകൂടെ ഫ്ളാഷ് മോബിനൊപ്പം ഇടവക അതിർത്തിയിലെ കിടപ്പു രോഗികളെയും പാവപ്പെട്ടവരെയും ചെന്നുകണ്ടു അവർക്ക് ക്രിസ്തുമസ്സ് സമ്മാനങ്ങൾ നൽകാൻ ഞാൻ ഓർമ്മപ്പെടുത്തുന്നു. ബോൻ നത്താലെ വിജയിപ്പിക്കുവാൻ ഏവരും പരിശ്രമിക്കുമല്ലോ.

**9. ലോഫ്**

കുടുംബപ്രേഷിതത്വം ലക്ഷ്യം വച്ചുകൊണ്ടു നമ്മുടെ അതിരൂപതയിൽ ആരംഭം കുറിച്ച 'ലീജിയൻ ഓഫ് അപ്പസ്തോലിക് ഫാമിലീസ്' (Legion of Apostolic Families) എന്ന സമർപ്പിത കുടുംബസമൂഹം 2019 ഡിസംബർ 29ന് തിരുകുടുംബ തിരുന്നാൾ ദിനത്തിൽ പത്തുവർഷം പൂർത്തിയാക്കുകയാണ്. അതിരൂപതയിലെ കുടുംബങ്ങളെ നവീകരിക്കുന്നതിനും വിശുദ്ധീകരിക്കുന്നതിനും ഈ സമർപ്പിത കുടുംബകൂട്ടായ്മ വളരെയേറെ സഹായിച്ചിട്ടുണ്ട്. അതിനാൽ ഈ പ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കാനും കൂടുതൽ കുടുംബങ്ങൾ ഇതിലേക്ക് കടന്നു വരാനും ആഹ്വാനം ചെയ്യുന്നു.

**10. പ്രതിസന്ധികളിൽ ഒറ്റക്കെട്ടായി നില്ക്കുക**

സഭ ഇന്ന് പലതരത്തിലുള്ള വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. മാധ്യമങ്ങളിലൂടെ സഭാനേതൃത്വവും സഭയുടെ കൂദാശകളും മറ്റും ആക്രമിക്കപ്പെടുന്നു. വൈദികരുടെയും സമർപ്പിതരുടെയും പേരുകൾ വ്യാജമായി പറഞ്ഞുകൊണ്ട് ഫോൺ സന്ദേശങ്ങളിലൂടെയും സോഷ്യൽ മീഡിയയിലൂടെയും അശ്ലീലചുവയുള്ളതും അല്ലാത്തതുമായ തെറ്റായ സന്ദേശങ്ങൾ ചിലയിടങ്ങളിൽ പതിവാണെന്ന് പറയപ്പെടുന്നു. നാം ജാഗരൂകരായിരിക്കണം. നമ്മുടെ വിദ്യാഭ്യാസപ്രവർത്തനങ്ങൾ നടത്തികൊണ്ടുപോകാൻ വളരെ ബുദ്ധിമുട്ടായി തീർന്നിരിക്കുന്നു. സഭാസംവിധാനങ്ങൾ തകർക്കാൻ വേണ്ടിയുള്ള ഗൂഢലക്ഷ്യത്തോടെ ചർച്ച് ആക്ട് മുതലായ നിയമങ്ങൾ കൊണ്ടുവരാനുള്ള പരിശ്രമങ്ങൾ നടക്കുന്നു. സഭ നേരിടുന്ന വെല്ലുവിളികളിൽ നാം ഒറ്റക്കെട്ടായി നിൽക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

**11. തിരുപട്ടങ്ങൾ**

2019 ഡിസംബർ 26 മുതൽ 2020 ജനുവരി 5 വരെയുള്ള ദിവസങ്ങളിൽ നമ്മുടെ അതിരൂപതയിൽ നിന്ന് 17 പേർ അതിരൂപതയ്ക്കുവേണ്ടിയും 11 പേർ സന്യാസസമൂഹങ്ങൾക്കുവേണ്ടിയും (ആകെ 28 പേർ) തിരുപട്ടം സ്വീകരിക്കുന്നു തിരുപട്ടം സ്വീകരിക്കുന്നവർക്കുവേണ്ടിയും ദൈവവിളിക്കുവേണ്ടിയും പ്രാർത്ഥിക്കുക.

നിങ്ങൾക്കേവർക്കും ക്രിസ്തുമസ്സിന്റെയും നവവത്സരത്തിന്റെയും ആശംസകൾ നേരുന്നു. ലോകരക്ഷകനായ ഈശോ നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

മിശിഹായിൽ നിങ്ങളുടെ വത്സലപിതാവ്,

+ Andrews Thazhath

മാർ ആൻഡ്രൂസ് താഴത്ത്
തൃശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ 2019 ഡിസംബർ 1-ാം തിയ്യതി നമ്മുടെ അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്. +AT